<u>മേലെഴുത്തു കത്ത് നമ്പർ DHS/9078/2025-ER113-07-2026</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടിക്കുമായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Digitally signed by
N K Chandra
Date: 13-07-2026
15:14:55

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ. അനൂപ് കെ, അസിസ്റ്റന്റ് ഡയറക്ടർ- പി ജി ഉപരിപഠനത്തിന് ശേഷം മാതൃവകുപ്പിൽ പുന.പ്രവേശിപ്പിച്ച്- നിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ-കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2239/2026/H&FWD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31/03/2026 തീയതിയിലെ DHS/9078/2025-ഇ.ആർ.1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ 01-07-2024 മുതൽ 30-06-2026 വരെ പി ജി ഉപരിപഠനം കഴിഞ്ഞതിന് ശേഷം മാതൃ വകുപ്പിൽ പുന.പ്രവേശിക്കുന്നതിനായി അസിസ്റ്റന്റ് ഡയറക്ടർ ഡോ അനൂപ് കെ സമർപ്പിച്ച അപേക്ഷ ടി മെഡിക്കൽ ഓഫീസർക്ക് ഉചിത നിയമനം നൽകുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ പി ജി ഉപരിപഠനം കഴിഞ്ഞതിന് ശേഷം മാതൃ വകുപ്പിൽ പ്രവേശിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഡോ അനൂപ് കെ-യെ മാതൃ വകുപ്പിൽ പുന.പ്രവേശിപ്പിച്ച് പൊതുസ്ഥലംമാറ്റ സമയത്ത് പുന.പരിശോധിക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ആലപ്പുഴ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തസ്തികയിൽ (Deputy DMO (H), Alappuzha) നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് പി.ഡി.എഫ് രൂപത്തിൽ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആയതിന്റെ പകർപ്പ് ഓദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിനുരാജ് എസ്
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ

ഡോ അനൂപ് കെ , അസിസ്റ്റന്റ് ഡയറക്ടർ

(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anupama G Nair

സെക്ഷൻ ഓഫീസർ

Date: 06-07-2026 14:17:48